സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

90 [2742] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം സഹകരണ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടെന്നും, എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ യെന്നും ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിര നിക്ഷേപങ്ങളിൽ തിരിമറി നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിട്ടുള്ള സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ ജില്ല തിരിച്ചുള്ള വിവരം താഴെപ്പറയുന്നു:

ആലപ്പുഴ

(1) പൊങ്ങ സർവീസ് സഹകരണ ബാങ്ക്.

(2) ഉമയാറ്റുകര സർവീസ് സഹകരണ ബാങ്ക്.

(3) ചേർത്തല സർവീസ് സഹകരണ ബാങ്ക്.

(4) മാവേലിക്കര സർവീസ് സഹകരണ ബാങ്ക്.

എറണാകുളം

(1) കടവൂർ സർവീസ് സഹകരണ ബാങ്ക്.

(2) എറണാകുളം അർബൻ സഹകരണ സംഘം.

(3) കൊച്ചിൻ കോർപ്പറേഷൻ ഹോമിയോ മെഡിക്കൽസ് പ്രൊഫഷണൽസ് സഹകരണസംഘം.

(4) മാറംപിള്ളി സർവീസ് സഹകരണസംഘം.

(5) വടവുകോട് സർവീസ് സഹകരണസംഘം.

(6) നെല്ലാട് വിട്ടൂർ സർവീസ് സഹകരണ ബാങ്ക്.

ഇടുക്കി

(1) വാഴത്തോപ്പ് സർവീസ് സഹകരണ ബാങ്ക്.

(2) കുടയത്തൂർ സർവീസ് സഹകരണ ബാങ്ക്.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ

(1) അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്.

(2) പുത്തൂർ സർവീസ് സഹകരണ ബാങ്ക്.

മലപ്പുറം

മഞ്ചേരി സഹകരണ അർബൻ ബാങ്ക്.

കോഴിക്കോട്

(1) കോഴിക്കോട് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം.

(2) നൻമണ്ട സഹകരണ റൂറൽ ബാങ്ക്.

(3) ചീക്കിലോട് സർവീസ് സഹകരണ ബാങ്ക്.

(4) മാവൂർ സർവീസ് സഹകരണ ബാങ്ക്.

(5) കൊടുവള്ളി സർവീസ് സഹകരണ ബാങ്ക്.

കണ്ണൂർ

(1) നടുവിൽ സർവീസ് സഹകരണ ബാങ്ക്.

(2) തടിക്കടവ് സർവീസ് സഹകരണ ബാങ്ക്.

(3) ആലക്കോട് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം.

(4) കണ്ണൂർ ജില്ലാ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം, തളിപ്പറമ്പ്.

(5) മലബാർ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ പ്രോസസിംഗ് സഹകരണസംഘം.

കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിവരം ശേഖരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം സർവീസ് സഹകരണ ബാങ്ക് ഭരണസമിതിക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വി. സി. 11/99, 13/99 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി ആരംഭിച്ചിട്ടില്ല.

(സി) സ്ഥിരനിക്ഷേപത്തിൽ തിരിമറി നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി വി. സി. 11/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി ആരംഭിച്ചിട്ടില്ല.

ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ മാനേജർ നിയമനം

91 [2743] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ മാനേജരെ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കരുത് എന്ന കോടതി വിധി നിലവിലുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly